# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.135** — **08.06.2018-ൽ മറുപടിയ്ക്ക്**

### ഹരിതകേരളം മിഷന്റെ ഭാഗമായുള്ള മാലിന്യ സംസ്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കൃഷ്ണൻകുട്ടി<br>,, സി.കെ.നാണു<br>,, കോവൂർ കുഞ്ഞുമോൻ<br>,, കെ.ബി.ഗണേഷ് കുമാർ | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) ഹരിതകേരളം മിഷന്റെ ഭാഗമായി മാലിന്യസംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) ഹരിത കേരളം മിഷന്റെ ഭാഗമായി മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br>1. ഖര-മാലിന്യ സംസ്കരണ ചട്ടം- 2016 പ്രകാരം ഇക്കാര്യത്തിൽ ഒരു സാധാരണ പൗരന്റെ ഉത്തരവാദിത്തവും ചുമതലയും വ്യക്തമാക്കി അവബോധം സൃഷ്ടിച്ചുകൊണ്ട് സമൂഹത്തിലാകെ ഒരു പുതിയ മാലിന്യ പരിപാലന സംസ്കാരം സൃഷ്ടിക്കുക.<br>2.സങ്കീർണ്ണമായ മാലിന്യ പരിപാലന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരം സാധ്യമാക്കുന്നതിനുമുള്ള സാങ്കേതിക സാമ്പത്തിക സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിക്കൊണ്ട് ശാസ്ത്രീയ മാലിന്യപരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക.<br>3. ശുചിത്വ - മാലിന്യ സംസ്കരണ മേഖലയിലെ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുക,<br>4.ഗാർഹിക/സ്ഥാപനതലങ്ങളിലെ ജൈവമാലിന്യങ്ങൾ പരമാവധി ഉറവിടത്തിൽ തന്നെ ഉല്പാദകന്റെ ഉത്തരവാദിത്തത്തിൽ സംസ്കരിക്കുന്ന രീതിയും (വികേന്ദ്രീകൃത ഉറവിട ജൈവമാലിന്യ സംസ്കരണം) അത് സാധ്യമാകാത്ത ഇടങ്ങളിൽ കമ്മ്യൂണിറ്റി തല കമ്പോസ്റ്റിംഗ് / ബയോ മെഥനേഷൻ രീതി ഉചിതമായ തലങ്ങളിലും (അയൽക്കൂട്ടം/വാർഡ്/തദ്ദേശഭരണസ്ഥാപനം) പ്രാവർത്തികമാക്കുക.<br>5. അജൈവമാലിന്യങ്ങൾ തദ്ദേശ ഭരണ സ്ഥാപന തലത്തിൽ തരംതിരിച്ച് വൃത്തിയാക്കി ശേഖരിച്ച് പുന:ചംക്രമണം ഉറപ്പാക്കുന്നതിനുള്ള സംവിധാനം സൃഷ്ടിക്കുക.<br>6. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തുന്നതിന് ഓരോ ഗ്രാമപഞ്ചായത്തിലും നഗരസഭയിലും ഹരിതകർമസേന രൂപികരിച്ച് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതോടൊപ്പം ഹരിത കർമസേനയ്ക്കാവശ്യമായ സാങ്കേതിക പിന്തുണ നൽകുന്നതിന് ഹരിത സഹായസ്ഥാപനങ്ങളെ കണ്ടെത്തി നിയോഗിക്കുക.<br>7. വലിയ നഗരങ്ങളിൽ ഉറവിട മാലിന്യ സംസ്കരണത്തോടൊപ്പം തന്നെ നൂതന രീതിയിലുള്ള കേന്ദ്രീകൃത സംസ്കരണ സംവിധാനങ്ങളും നടപ്പാക്കുക.<br>8. മാലിന്യ സംസ്കരണത്തിന് ഓരോ വീട്ടിലും നിലവിൽ ഏത് രീതിയാണ് അവലംബിക്കുന്നതെന്ന് വിലയിരുത്തിയതിനു ശേഷം ജൈവ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് എന്നിവയിൽ ഏത് രീതിയാണ് പ്രായോഗികമാകുക എന്ന് കണ്ടെത്തുകയും ആ രീതിയിലേക്ക് മാറുന്നതിന് വീട്ടുകാരെ സജ്ജരാക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതോടൊപ്പം മാലിന്യത്തെ ജൈവകൃഷിക്ക് അനുയോജ്യ മായ വളമാക്കി മാറ്റി വീട്ടുകളിൽ തന്നെ കൃഷി വ്യാപിപ്പിക്കുകയും ചെയ്യുക.<br>9.ചന്തകൾ, അറവുശാലകൾ, കല്ല്യാണ മണ്ഡപങ്ങൾ, എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുക.<br>10. ബയോഗ്യാസ് സംവിധാനങ്ങളും തുമ്പൂർമുഴി മാതൃകയിലുള്ള വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാ നങ്ങളും, പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, ആശുപത്രി മാലിന്യങ്ങൾ തുടങ്ങിയവ സംസ്കരിക്കുന്നതിന് ആവശ്യമുള്ള സംവിധാ നങ്ങളും വിവിധ തലങ്ങളിൽ ഏർപ്പെടുത്തുക.<br>11. മാലിന്യം കുറയ്ക്കുക ( Reduce) വസ്തുക്കളുടെ പുനരു പയോഗം (Reuse), പ്രോത്സാ ഹിപ്പിക്കുക, പുന:ചംക്രമണം (Recycle) ഉറപ്പാക്കുക എന്നീ തത്വങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുക.<br>12.ദ്രവമാലിന്യ പരിപാലനത്തിന് അനുയോജ്യമായ വികേന്ദ്രീകൃത സംവിധാനങ്ങൾ ഉചിതമായ തലങ്ങളിൽ പ്രാവർത്തികമാക്കുക<br>13. മാലിന്യം വലിച്ചെറിയുക, കത്തിക്കുക ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുക എന്നിങ്ങനെയുള്ള നടപടികൾ കർശനമായി തടയുന്നതിന് നടപടി സ്വീകരിക്കുക.<br>14. അനുകൂലമായ മനോഭാവവും ശീലങ്ങളും രൂപീകരിക്കുന്നതിനും സുരക്ഷിത മാലിന്യ പരിപാലന സംസ്കാരം വളർത്തുന്നതിനും അനുയോജ്യമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും കാമ്പയിനും സംഘടി പ്പിക്കുക.<br>15.മാലിന്യത്തിന്റെ അളവ് കുറയ്ക്കുക എന്ന ഉദ്ദേശത്തോടുകൂടിയുള്ള ഗ്രീൻ പ്രോട്ടോക്കോൾ പ്രവത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക |
| (ബി) | ഹരിതകേരളം മിഷന്റെ ഭാഗമായി ഉറവിട മാലിന്യസംസ്കരണം സംബന്ധിച്ചും പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർക്കെതിരെ സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ചുമുള്ള നയം വ്യക്തമാക്കുമോ; | (ബി) | ഹരിത കേരളം മിഷന്റെ ഭാഗമായി അനുയോജ്യമായ മാലിന്യ സംസ്കരണ സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് ഉറവിട മാലിന്യ സംസ്കരണം വ്യാപകമാക്കുക, മാലിന്യ സംസ്കരണത്തിന് ഓരോ വീട്ടിലും നിലവിൽ ഏത് രീതിയാണ് അവലംബിക്കുന്നതെന്ന് വിലയിരുത്തിയതിനുശേഷം ജൈവ കംമ്പോസ്റ്റിംഗ്, ബയോഗ്യാസ് എന്നിവയിൽ ഏത് രീതിയാണ് പ്രായോഗികമാക്കുക എന്ന് കണ്ടെത്തുകയും ആ രീതിയിലേക്ക് മാറുന്നതിന് വീട്ടുകാരെ സജ്ജരാക്കുകയും തുടങ്ങിയ പരിപാടികൾക്കാണ് മുൻതൂക്കം നൽകിവരുന്നത്. ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷനിൽ നിക്ഷിപ്തമായ പൊതുജലമാർഗ്ഗത്തിലോ, ജലാശയത്തിലോ ചവറോ മാലിന്യമോ വിസർജ്യ വസ്തുക്കളോ നിക്ഷേപിക്കുന്നവർക്കെതിരെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219(S), 219(T) വകുപ്പുകൾ, കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 340(A), 345 വകുപ്പുകൾ, കേരള ഇറിഗേഷൻ & വാട്ടർ കൺസർവേഷൻ (ഭേദഗതി) ഓർഡിനൻസ് നം 27,2017 എന്നിവയുടെ അടിസ്ഥാനത്തിലാണ് നടപടികൾ സ്വീകരിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | നഗരപ്രദേശങ്ങളിൽ കേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (സി) | നഗരപ്രദേശങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൊച്ചി മുൻസിപ്പൽ കോർപ്പറേഷനിൽ പ്രതിദിനം 300 ടൺ ശേഷിയുള്ള വേസ്റ്റ് ടു എനർജി പ്ലാൻറ് പബ്ലിക് പ്രൈവറ്റ് പാർട്ടണർഷിപ്പ് (പി.പി.പി) അടിസ്ഥാനത്തിൽ ബ്രഹ്മപുരത്ത് സ്ഥാപിക്കുന്നതിലേക്കുള്ള നടപടി പുരോഗമിക്കുന്നു. സുൽത്താൻ ബത്തേരിയിൽ പ്രതിദിനം 5 ടൺ ശേഷിയുള്ള പ്ലാൻറിന്റെ നിർമ്മാണവും പുരോഗമിക്കുന്നു. കൂടാതെ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി മാലിന്യത്തിൽ നിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്നതിനുള്ള കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പ്ലാസ്റ്റിക് റീസൈക്ലിംഗ് ഫാക്ടറികൾ സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും റീസൈക്ലിങ്ങ് ഇൻഡസ്ട്രി സ്ഥാപിക്കുന്നതിനെ പ്രോത്സാഹിപ്പിക്കും. 2016-ൽ കൊച്ചിയിൽ വച്ച് ഒരു ഇൻവസ്റ്റേഴ്സ് മീറ്റ് നടത്തുകയുണ്ടായി. പ്ലാസ്റ്റിക് മാനുഫാക്ചറേഴ്സ് അസോസിയേഷൻ പോലെയുള്ള സംഘടനകളുമായി ഇക്കാര്യത്തിൽ ചർച്ച നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ